**പതിനഞ്ചാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2022 ആഗസ്റ്റ് 24, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹു. സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

6(*31) <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, നികുതി/നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധന കമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും അധിക ജീവനക്കാരെ മറ്റു വകുപ്പുകളിലേക്ക് പുനർവിന്യസിച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന്

സഭയെ അറിയിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നതെന്നും റവന്യൂ ന്യൂട്രൽ റേറ്റ് കുറച്ചതിനാൽ നികുതി വരുമാനത്തിൽ കുറവു വന്നിട്ടുണ്ടെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം പ്രതീക്ഷിത വരുമാനത്തേക്കാൾ 11,000 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നും നടപ്പുസാമ്പത്തിക വർഷം 7000-10000 കോടി രൂപയുടെ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും അറിയിച്ചു. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചരക്ക സേവന നികുതി വകുപ്പിന്റെ പുനഃസംഘടന, റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ, അടിസ്ഥാന ഭൂനികുതി/മോട്ടോർ വാഹന നികുതി പരിഷ്കരണം തുടങ്ങി നിരവധി നടപടികൾ സ്വീകരിക്കുകയും ലക്കി ബിൽ ആപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തികൾ നിർത്തിവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ലെന്നും സംരംഭകത്വ വികസനത്തിനായി  കേരളാ ബാങ്ക്, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങൾ കുറഞ്ഞ പലിശനിരക്കിൽ ധനസഹായം ലഭ്യമാക്കുന്നുണ്ടെന്നും  ആഭ്യന്തര കടം മുൻകാലങ്ങളിലേതിന് സമാനമായി ജി.എസ്.ഡി.പി.-യുടെ 37 ശതമാനത്തിൽ താഴെ

മാത്രമാണുള്ളതെന്നും മന്ത്രി വ്യക്തമാക്കി. നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 3.5 ശതമാനമാണെങ്കിലും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തി നടപ്പുവർഷം കടമെടുപ്പ് പരിധിയിൽ കുറവുചെയ്ത കേന്ദ്രസർക്കാർ നിലപാടിനെതിരെ സംസ്ഥാനം ശക്തമായ വിയോജിപ്പറിയിക്കുകയും ഇളവഭ്യർത്ഥിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നൽകുകയും ചെയ്തെങ്കിലും പരിഗണിക്കപ്പെട്ടില്ലെന്നും സംസ്ഥാന ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷം കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാകുന്നതിന് ഇടവരുത്തുമെന്നും അറിയിച്ചു. ചരക്കുസേവന നികുതി നടപ്പിലാക്കിയതോടെ പെട്രോളിയം ഉല്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് നികുതി ഏർപ്പെടുത്താൻ അധികാരമുള്ളതെന്നും സംസ്ഥാനത്തിനുള്ള കേന്ദ്രനികുതി വിഹിതം 1.92 ശതമാനമായി കുറവുചെയ്തതും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കടമെടുപ്പുപരിധി നിശ്ചയിച്ചതുമുൾപ്പെടെ ഫിസ്കൽ ഫെഡറിലസത്തിന് ഭീഷണിയാകുന്ന

തരത്തിലുള്ള കേന്ദ്ര സർക്കാർ നടപടികൾ പ്രതിഷേധാർഹമാണെന്നും ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടെന്നും സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും അടിസ്ഥാന സൗകര്യവികസനത്തിനും പുനർനിർമ്മാണ പ്രക്രിയയ്ക്കും ആക്കം കൂട്ടുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*32) <u>വ്യവസായ സംരംഭക പ്രോത്സാഹന നയം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വ്യവസായ സംരംഭക പ്രോത്സാഹന നയത്തിന്റെ ഭാഗമായി 2022-23 വർഷം സംരംഭകത്വ വർഷമായി ആചരിക്കുകയാണെന്നും 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിപ്രകാരം ഒരു ലക്ഷം സൂക്ഷ്മ/ ചെറുകിട/ ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നതായും പ്രസ്തുത പദ്ധതിവഴി സ്ഥിര /പ്രവർത്തന മൂലധന വായ്പകൾക്ക് ആദ്യത്തെ 5 വർഷം 5% വരെ പലിശയിളവ് നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. സംരംഭകത്വ വർഷാചരണത്തിന്റെ ഭാഗമായി പ്രാദേശിക സംരംഭകരെ കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പൊതു ബോധവത്കരണ

പരിപാടികളും ലൈസൻസ്/ലോൺ/സബ്സിഡി മേളകളും നടത്തുകയും സംരംഭകർക്കുള്ള ഹെൽപ്ഡെസ്ക് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഇതുവരെ 49020 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും 108551 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സൂക്ഷ്മ/ചെറുകിട സംരംഭങ്ങളെ സ്കെയിലിംഗ് അപ് ചെയ്യുന്നതിനുള്ള പദ്ധതി ആലോചിക്കുന്നുണ്ടെന്നും സംരംഭകത്വ സഹായ പദ്ധതിപ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് 40 ലക്ഷം രൂപവരെ ധനസഹായം നൽകുന്നുണ്ടെന്നും യുവാക്കൾ, വനിതകൾ, എസ്.സി./എസ്.ടി. വിഭാഗം എന്നിവർക്ക് നൽകുന്ന സബ്സിഡി 10 ശതമാനമാക്കി ഉയർത്തുകയും പ്രവാസികളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും നാനോ ഗാർഹിക സംരംഭകർക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ഐ.ടി. ഇതര സ്റ്റാർട്ടപ്പുകൾക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്നും സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിന് മെന്റർമാരെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമെന്നും ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പുവരുത്തുന്നതിനായി കേരള ബ്രാൻഡ് ഉല്പന്നങ്ങൾ പ്രോൽസാഹിപ്പിക്കുമെന്നും ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ വിപണന മേള സംഘടിപ്പിക്കാനും ഓൺലൈൻ ഇ-കോമേഴ്സ്

ഫ്ലാറ്റ്ഫാം രൂപപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടലും വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ കാൾ സെന്ററും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എം.എസ്.എം.ഇ. ക്ലിനിക്കുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. താലൂക്ക് വ്യവസായ ഓഫീസുകളെ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാന/ജില്ലാ പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസിന്റെ കീഴിൽ മെറ്റൽ പാർക്ക് തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ നടത്തുമെന്നും ആലപ്പുഴ ജില്ലയിൽ മെഗാ ഫുഡ് പാർക്ക് ആരംഭിക്കുമെന്നും കുട്ടനാട് റൈസ് ഫാക്ടറി സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*31) കിഫ്ബിയുടെ പ്രവർത്തനത്തിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി നിയമവ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് ധനസമാഹരണം നടത്തിവരുന്ന കിഫ്ബിയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയിൽ വിവിധ കേന്ദ്ര/റെഗുലേറ്ററി ഏജൻസികളുടെ ഇടപെടൽ നിരന്തരമുണ്ടാകുന്നതായും കാരണമോ അന്വേഷണ വിഷയമോ വ്യക്തമാക്കാതെ കിഫ്ബി വൈസ് ചെയർപേഴ്സനായിരുന്ന മുൻ ധനകാര്യ മന്ത്രിക്കും കിഫ്ബിക്കും ഫെമ ആക്ട് പ്രകാരം സമൻസ് അയയ്ക്കുകയും കിഫ്ബി ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യുന്നതിനായി നിരവധി തവണ കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ വിളിപ്പിക്കുകയും ചെയ്ത ഇ.ഡി.-യുടെ പ്രവർത്തനങ്ങൾ ചോദ്യംചെയ്തുകൊണ്ട് കിഫ്ബിയും മുൻ ധനകാര്യ മന്ത്രിയും കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ധനകാര്യ കമ്മീഷൻ വഴിയും അല്ലാതെയുമുള്ള ധനകൈമാറ്റത്തിൽ കുറവ് വരുത്തിയും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏജൻസികളെ ഉപയോഗിച്ചും ഫെഡറൽ സാമ്പത്തിക സംവിധാനത്തെ ദുർബലപ്പെടുത്തുകയും സംസ്ഥാന പുരോഗതിയെ അട്ടിമറിക്കുകയും ചെയ്യുന്നതുമൂലം കേരളം നേരിടുന്ന വിവിധ

പ്രതിസന്ധികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്. ഫെമ ആക്റ്റിന് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് റിസർവ് ബാങ്ക് അംഗീകാരത്തോടെയാണ് കിഫ്ബി മസാല ബോണ്ട് പുറപ്പെടുവിച്ചിട്ടുള്ളതെന്നും കേന്ദ്രസർക്കാരിനുകീഴിലുള്ള വിവിധ ബോഡി കോർപ്പറേറ്റുകൾ മസാല ബോണ്ട് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അവയ്ക്കുമേൽ ഫെമ ചട്ട ലംഘനങ്ങൾ ആരോപിക്കപ്പെട്ടിട്ടില്ലെന്നും സമീപകാലത്തുണ്ടായ സുപ്രീംകോടതി വിധി ഇ.ഡി.-ക്ക് അനിയന്ത്രിത അധികാരങ്ങൾ അനുവദിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കേന്ദ്രസർക്കാർ ബഡ്ജറ്റിതര വിഭവ സമാഹരണം നടത്തുന്നതായി സി & എ.ജി.-യുടെ തനതുവർഷത്തെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും സംസ്ഥാനം അങ്ങനെ ചെയ്യരുതെന്ന കേന്ദ്രനിർദ്ദേശം വിരോധാഭാസമാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.